## വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്

നമ്പർ. ഇ 3/156/2021/ഐ&പിആർ.ഡി.

തിരുവനന്തപുരം, തീയതി: 08-10-2021.

### വിജ്ഞാപനം

വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ സംയോജിത വികസന വാർത്താ ശൃംഖല (പ്രിസം) പദ്ധതിയ്ക്കായി 20 സബ് എഡിറ്റർ, 76 ഇൻഫർമേഷൻ അസിസ്റ്റന്റ് ,19 കണ്ടന്റ് എഡിറ്റർ എന്നിവരുടെ പാനൽ രൂപീകരിക്കുന്നതിനായി അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു. അപേക്ഷ സി-ഡിറ്റിന്റെ **careers.cdit.org** എന്ന വെബ് സൈറ്റ് മുഖേന **ഓൺലൈനായി 2021 ഒക്ടോബർ 17-ാം** തീയതിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ ഫോട്ടോ, വിദ്യാഭ്യാസ യോഗ്യത, തിരിച്ചറിയൽ രേഖ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ അപ് ലോഡ് ചെയ്യേണ്ടതാണ്. ജില്ലാടിസ്ഥാനത്തിലും ഡയറക്ടറേറ്റിലുമാണ് പാനൽ രൂപീകരിക്കുന്നത്. ഒരു വർഷമാണ് പാനലിന്റെ കാലാവധി. തൃപ്തികരമായ നിലവാരം പുലർത്താത്തവരെ പാനലിൽ നിന്നും ഒഴിവാക്കുന്നതാണ്. സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലുകളിൽ അപേക്ഷിക്കുന്നവർക്ക് കണ്ടന്റ് എഡിറ്റർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളുണ്ടെങ്കിൽ അതിലേയ്ക്കും അപേക്ഷിക്കാം. അതേസമയം, സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലുകളിൽ ഒന്നിൽ മാത്രമേ അപേക്ഷിക്കാനാകൂ.

II **യോഗ്യത**

a) **സബ് എഡിറ്റർ :** ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം/പി.ആർ/മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമയും. അല്ലെങ്കിൽ ജേർണലിസം/പബ്ലിക് റിലേഷൻസ്/മാസ് കമ്മ്യൂണിക്കേഷനിൽ അംഗീകൃത ബിരുദം. ജേർണലിസം ബിരുദാനന്തര ബിരുദക്കാർക്കും അപേക്ഷിക്കാം. പത്ര ദൃശ്യ മാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി.ആർ, വാർത്താ വിഭാഗങ്ങളിലോ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാവണം.

b) **ഇൻഫർമേഷൻ അസിസ്റ്റന്റ്** : ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം/പി.ആർ/മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമയും. അല്ലെങ്കിൽ ജേർണലിസം/പബ്ലിക് റിലേഷൻസ്/മാസ് കമ്മ്യൂണിക്കേഷനിൽ അംഗീകൃത ബിരുദം. പത്ര ദൃശ്യ മാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി.ആർ, വാർത്താ വിഭാഗങ്ങളിലോ ഒരു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാവണം.

c) **കണ്ടന്റ് എഡിറ്റർ** : ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം/പി.ആർ/മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമയും. അല്ലെങ്കിൽ ജേർണലിസം/പബ്ലിക് റിലേഷൻസ്/മാസ് കമ്മ്യൂണിക്കേഷനിൽ അംഗീകൃത ബിരുദം. പത്ര ദൃശ്യ മാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ ഓൺലൈൻ മാധ്യമങ്ങളിലോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി.ആർ, വാർത്താ വിഭാഗങ്ങളിലോ സമൂഹ മാധ്യമ വിഭാഗങ്ങളിലോ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാവണം. സമൂഹ മാധ്യമങ്ങളിൽ കണ്ടന്റ് ജനറേഷനിൽ പരിചയം ഉണ്ടാവണം. ഡിസൈനിംഗിൽ പ്രാവീണ്യമുള്ളവർക്ക് മുൻഗണന.

III **പ്രായപരിധി** : 35 വയസ് (നോട്ടിഫിക്കേഷൻ നൽകുന്ന തീയതി കണക്കാക്കി)

IV <u>പരമാവധി പ്രതിമാസ</u> <u>പ്രതിഫലം/ആനുകൂല്യം</u>

സബ് എഡിറ്റർ : 21780/- രൂപ
കണ്ടന്റ് എഡിറ്റർ : 17940/-രൂപ
ഇൻഫർമേഷൻ അസിസ്റ്റന്റ് : - 16940/- രൂപ

**പാനൽ നില**

| ജില്ല | സബ് എഡിറ്റർ | കണ്ടന്റ് എഡിറ്റർ | ഇൻഫർമേഷൻ അസിസ്റ്റന്റ് |
|---|---|---|---|
| തിരുവനന്തപുരം | 1 | 1 | 6 |
| കൊല്ലം | 1 | 1 | 5 |
| പത്തനംതിട്ട | 1 | 1 | 4 |
| ആലപ്പുഴ | 1 | 1 | 6 |
| കോട്ടയം | 1 | 1 | 5 |
| ഇടുക്കി | 1 | 1 | 4 |
| എറണാകുളം | 1 | 1 | 7 |
| തൃശ്ശൂർ | 1 | 1 | 8 |
| പാലക്കാട് | 1 | 1 | 6 |
| മലപ്പുറം | 1 | 1 | 7 |
| കോഴിക്കോട് | 1 | 1 | 6 |
| വയനാട് | 1 | 1 | 2 |
| കണ്ണൂർ | 1 | 1 | 6 |
| കാസർഗോഡ് | 1 | 1 | 4 |
| ഡയറക്ടറേറ്റ് | 6 | 5 | |

**തിരഞ്ഞെടുപ്പ് രീതി**

എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പാനൽ പട്ടിക തയാറാക്കുന്നത്. എഴുത്തു പരീക്ഷ ജില്ലാ അടിസ്ഥാനത്തിലും ഇന്റർവ്യൂ റീജിയണൽ അടിസ്ഥാനത്തിലുമായിരിക്കും നടത്തുന്നത്. കണ്ടന്റ് എഡിറ്ററുടെ പരീക്ഷ ഓൺലൈൻ മുഖാന്തരമായിരിക്കും.

ഡയറക്ടർ
വിവര പൊതുജന സമ്പർക്ക വകുപ്പ്